(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികളുമായി ധാരണാപത്രത്തിൽ ഒപ്പിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബാലികാ സമൃദ്ധിയോജനാ പദ്ധതി സംസ്ഥാനത്ത് ഐ.സി.ഡി.എസ് പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) 15-8-1997-നോ അതിനുശേഷമോ ജനിച്ച ബി.പി.എൽ. പരിധിയിൽ വരുന്ന കുടുംബങ്ങളിലെ രണ്ട് പെൺകുട്ടികൾക്കുവരെ ധനസഹായമായി 500 രൂപ വീതം പോസ്റ്റ് ബർത്ത് ഗ്രാന്റ് നൽകുന്നു. ഇതുകൂടാതെ ടി പെൺകുട്ടികൾക്ക് 1-3 ക്ലാസ് വരെ 300 രൂപാ പ്രകാരവും, 4-ാം ക്ലാസിൽ 500 രൂപയും, 5-ാം ക്ലാസിൽ 600 രൂപയും, 6, 7 ക്ലാസ്സുകളിൽ 700 രൂപയും, 8-ാം ക്ലാസിൽ 800 രൂപയും, 9-10 ക്ലാസ്സുകളിൽ 1000 രൂപയും പ്രതിവർഷം സ്കോളർഷിപ്പായും നൽകുന്നു. പോസ്റ്റ് ബർത്ത് ഗ്രാന്റിന്റെ ഒരു ഭാഗം കുട്ടിയുടെ അമ്മയുടെ അനുമതിയോടെ സേവിംഗ്സ് നിക്ഷേപം നടത്തുകയും കുട്ടിക്ക് 18 വയസ്സു തികയുമ്പോൾ വിവാഹം കഴിഞ്ഞില്ലെങ്കിൽ മുഴുവൻ തുകയും, വിവാഹം കഴിഞ്ഞെങ്കിൽ സ്കോളർഷിപ്പും അതിന്റെ പലിശയും ഒഴികെയുള്ള തുകയും നൽകുന്നതാണ് പദ്ധതി ലക്ഷ്യം.

(സി) ഒപ്പിട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വികലാംഗർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

119 [4895] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

വികലാംഗർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

വികലാംഗർക്ക് സൗജന്യ ഉപകരണ വിതരണം

120 [4896] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വാർഷിക വരുമാനമുള്ള എത്ര വികലാംഗർക്ക് 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ സൗജന്യമായി ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്;

† അനുബന്ധം III.



LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര വികലാംഗർക്ക് തൊഴിൽ വികസിപ്പിക്കുന്നതിനുള്ള സഹായം, ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹായം എന്നിവ നൽകി എന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി 2001-02, 2002-03 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ

121 [4898] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ ക്ഷേമ പ്രവർത്തനങ്ങളിൽ എത്ര സർക്കാരേതര സംഘടനകൾ പ്രവർത്തിക്കുന്നുവെന്നറിയിക്കാമോ;

(ബി) ഇവയിൽ അന്തർദേശീയ വ്യാപ്തിയുള്ള സംഘടനകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) അന്യസംസ്ഥാനങ്ങളിൽ ശാഖകളുള്ള സംഘടനകൾ ഏതെല്ലാമാണ്;

(ഡി) തിരുവനന്തപുരം ജില്ലയിൽ വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന എത്ര സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്;

(ഇ) മേൽ വിഭാഗത്തിൽപ്പെട്ട എത്ര സംഘടനകൾ തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) തിരുവനന്തപുരം ജില്ലയിലെ സംഘടനകളും സ്ഥാപനങ്ങളും എത്ര വികലാംഗർക്ക് ആശ്വാസ നടപടികൾ ലഭ്യമാക്കുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്

122 [4901] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം എന്നാണ് നിലവിൽ വന്നതെന്നും അതിന് നാളിതുവരെയായി എത്ര തുക സംസ്ഥാന സർക്കാർ സഹായധനമായി നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും അതിന്റെ നാളിതുവരെയുള്ള പ്രമുഖനേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എത്ര വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് നാളിതുവരെയായി പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly